**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **12-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് ചികിത്സാ ചെലവ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ആക്രമണത്തിന് ഇരയായവർക്ക് സഹായം ലഭ്യമാകുന്നതിന് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് വ്യവസ്ഥകൾ ലഘൂകരിച്ചിട്ടുണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 05.04.2018 ലെ സ.ഉ(കൈ)17/2018/വനം, പ്രകാരം വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക്ചികിത്സാർത്ഥം ചെലവായ തുക അനുവദിച്ചിരുന്നത് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. സർക്കാർ ഉത്തരവ് (കൈ) നം.16/2023/വനം തീയതി 12.06.2023 പ്രകാരം അപേക്ഷകന്റെ രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ, പരിക്ക് പറ്റിയ വ്യക്തിയെ ചികിത്സിച്ച രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചികിത്സാചെലവ് നിർദ്ദിഷ്ട ആവശ്യത്തിനായി നിയോഗിക്കപ്പെട്ട കേരള സർക്കാർ സർവ്വീസിലെ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുകയും വേണം എന്ന് വ്യവസ്ഥ ചെയ്ത് ലഘൂകരിച്ചിട്ടുണ്ട്. ടി വ്യവസ്ഥയ്ക്ക് 2013ഏപ്രിൽ 29 മുതൽ മുൻകാല പ്രാബല്യവും നൽകിയിട്ടുണ്ട്. ഇപ്രകാരം വ്യവസ്ഥ ലഘൂകരിച്ചതുകാരണം വന്യജീവി ആക്രമണം മൂലം പരിക്ക് പറ്റുന്ന വ്യക്തികൾക്ക് സ്വകാര്യ ആശുപത്രികളിൽ ചികിൽസ തേടാവുന്നതും, രണ്ട് ലക്ഷം രൂപ വരെയുള്ള ചികിൽസാ ചെലവുകൾക്ക് ടി ആശുപത്രികളിലെ രജിസ്റ്റേർഡ് ഡോക്ടർമാർക്ക് |

| | | | |
|---|---|---|---|
| | | | ചികിൽസാ ചെലവുകൾ സാക്ഷ്യപ്പെടുത്താവുന്നതുമാണ്. |
| (സി) | ഈ സർക്കാർ വന്ന ശേഷം ഈയിനത്തിൽ വിതരണം ചെയ്ത നഷ്ടപരിഹാരത്തുകയെക്കുറിച്ചുള്ള വിവരം അറിയിക്കുമോ? | (സി) | ഈ സർക്കാർ വന്നശേഷം മനുഷ്യ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്ക് 1,173.56 ലക്ഷം രൂപ ചികിത്സാ ചെലവായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ